**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 89** **27-01-2026 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ടെർമിനൽ പുനക്രമീകരണം പൂർത്തിയായി; റെസ വിപുലീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാർ പാർക്കിംഗ് ഏരിയ വിപുലീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | റെസാ (റൺവെ എൻഡ് സുരക്ഷാ ഏരിയ) വികസനത്തിനായുള്ള നിർമാണ പ്രവൃത്തികൾ എത്രവരെ പൂർത്തിയായിട്ടുണ്ടെന്നും ഇനിയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | 2026 ജനുവരി 20-ലെ കണക്കനുസരിച്ച് നിർമ്മാണ പ്രവൃത്തികളുടെ 37.20 ശതമാനം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ജോലികൾ 2026 ജൂൺ 30-ഓടെ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. |
| (സി) | റെസാ വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ വഴിയടഞ്ഞ പ്രദേശവാസികൾക്കായി പകരം വഴി കണ്ടെത്തുന്നതിനും, വികസനത്തിനായി അടച്ച എയർപോർട്ട് ക്രോസ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | കോഴിക്കോട് വിമാനത്താവളത്തിന്റെ റെസ" വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടമാകുന്ന ക്രോസ് റോഡിന് പകരമായി നിർമ്മിക്കുന്ന ക്രോസ് റോഡിനായി ഇൻവെസ്റ്റിഗേഷൻ നടത്തുകയും 8 മീറ്റർ വീതിയിലും 550 മീറ്റർ നീളത്തിലും അലൈൻമെന്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ എയർപ്പോർട്ട് ക്രോസ് റോഡിന് പകരം വഴി നഷ്ടപ്പെടുന്ന വീടുകളിലേക്ക് നിലവിലെ 3 മീറ്റർ റോഡിൽ നിന്നും എക്സ്റ്റന്റ് ചെയ്ത് 4.2 മീറ്ററിൽ വഴി ലഭ്യമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിലേക്കായി രണ്ട് സ്ഥലങ്ങളിലായി മൊത്തം ഏകദേശം 80 മീറ്റർ നീളത്തിലും, 4.2 മീറ്റർ വിതിയിലുമാണ് റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇത് പ്രകാരമുള്ള പുതിയ അലൈൻമെന്റ് തയ്യാറാക്കി വരുന്നു. |
| (ഡി) | വിമാനത്താവളത്തിന്റെ പുതിയ വികസനങ്ങൾക്ക് സ്ഥലം ആവശ്യമുണ്ട് എന്ന കാരണത്താൽ വിമാനത്താവള അധികൃതർ നിരാക്ഷേപ പത്രം നൽകാത്തത് നിമിത്തം പ്രദേശവാസികൾക്ക് വീട് നിർമ്മാണത്തിന് മുൻസിപ്പാലിറ്റിക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യം | (ഡി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് കൈക്കൊള്ളുക എന്നത് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ മലപ്പുറം ജില്ലാകളക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്മേൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | | |
| (ഇ) | കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കൂടുതൽ ആഭ്യന്തര, അന്താരാഷ്ട്ര സർവീസുകളും, വലിയ വിമാനങ്ങളുടെ സർവീസും ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കാനും പുതിയ സ്ഥലങ്ങളിലേക്ക് വിമാന സർവീസുകൾ തുടങ്ങാനും വിവിധ വിമാന കമ്പനികളോട് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (AAI) ഇതിനോടകം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ